## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *219 — 09.03.2018-ൽ മറുപടിയ്ക്ക്

## വനത്തിനുള്ളിലെ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർ


ചോദ്യം

ശ്രീമതി സി.കെ. ആശ
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.വി.ആർ. സുനിൽ കുമാർ

മറുപടി

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി)


| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | വനത്തിനുള്ളിലെ സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | എ) | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>**I** <u>അടിസ്ഥാന സൗകര്യ വികസനം</u><br><br><u>ഹാംലെറ്റ് വികസന പദ്ധതി</u><br><br>പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥയും ക്ലേശഘടകങ്ങളെയും മുൻ നിർത്തി 2013-14 സാമ്പത്തിക വർഷം മുതൽ 2015-16 വർഷം വരെ തെരഞ്ഞെടുത്ത പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ വീടുകളുടെ പുനരുദ്ധാരണം, കക്കൂസ്, കുളിമുറി എന്നിവയുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, മേൽക്കൂര കോൺക്രീറ്റ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ് നിർമ്മാണം, പാലത്തിന്റെ നിർമ്മാണം, അംഗൻവാടി റിപ്പയർ, മഴവെള്ള സംഭരണി നിർമ്മാണം, വാലായ്മാപുര നിർമ്മാണം, മൃഗ സംരക്ഷണം, കൃഷി വികസനം, മണ്ണ് സംരക്ഷണം, സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ തുടങ്ങിയവ ടി പദ്ധതിയിൽപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | <u>എ.റ്റി.എസ്.പി സമഗ്ര വികസന പദ്ധതി</u><br>പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനു വേണ്ടി 2014-15 വർഷം 134 കോളനികളിലും, 2015-16 സാമ്പത്തിക വർഷം 50 പട്ടികവർഗ്ഗ കോളനികളിലും പദ്ധതി നടപ്പിലാക്കി വരുന്നു.<br><u>അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി</u><br>എ.റ്റി.എസ്.പി സമഗ്ര വികസന പദ്ധതിയും ഹാംലെറ്റ് വികസന പദ്ധതിയും സംയോജിപ്പിച്ച് 2017-18 വർഷം മുതൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത 107 സങ്കേതങ്ങളിൽ അക്രഡിറ്റഡ് ഏജൻസികൾ മുഖേന ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**II** <u>ഗോത്രസാരഥി പദ്ധതി</u><br>വനത്തിനുള്ളിലും ദുർഘട പ്രദേശങ്ങളിലും എത്തിച്ചേരാൻ കഴിയാത്ത പ്രദേശങ്ങളിലും താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.<br>**III** <u>ഗോത്രബന്ധു</u><br>എൽ.പി ക്ലാസ്സുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക എന്ന ലക്ഷ്യത്തോടെ റ്റി.റ്റി.സി/ബിഎഡ്. വിദ്യാഭ്യാസ യോഗ്യതയുള്ളവരും ഗോത്രഭാഷയുടെയും അറിവിന്റെയും അടിസ്ഥാനത്തിൽ 241 പട്ടികവർഗ്ഗ യുവതീ യുവാക്കളെ വയനാട് ജില്ലയിലെ പ്രൈമറി സ്കൂളുകളിൽ അദ്ധ്യാപകരായി നിയമിച്ചു. |

| | | | |
|---|---|---|---|
| | | | **IV മൊബൈൽ മെഡിക്കൽ യൂണിറ്റ്**<br><br>എല്ലാ പട്ടികവർഗ്ഗക്കാർക്കും ആധുനിക വൈദ്യ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി കൊല്ലം, ഇടുക്കി, പാലക്കാട്, കാസറഗോഡ്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ 6 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ കൂടി പുതിയതായി 8 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ താമസംവിനാ ആരംഭിക്കുന്നതാണ്.<br><br>**V പുനരധിവാസം**<br><br>വനത്തിനുള്ളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ പുനരധിവാസത്തിനായി രൂപീകരിച്ച ആദിവാസി പുനരധിവാസ മിഷൻ മുഖേന, ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുക, പുനരധിവസിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ജീവനോപാധികൾ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ്.<br><br>**VI വനാവകാശ നിയമം**<br><br>വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശങ്ങൾ, സാമൂഹിക അവകാശങ്ങൾ, വികസന അവകാശങ്ങൾ എന്നിവ ആദിവാസി പുനരധിവാസ മിഷൻ മുഖേന നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | **<u>VII കോർപ്പസ് ഫണ്ട്</u>**<br><br>പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. സ്വയം തൊഴിൽ, നൈപുണ്യ വികസനം, ജലമലിനീകരണം തടയൽ, ശുചിത്വം, പട്ടികവർഗ്ഗ വിഭാഗക്കാർക്കു വൈദ്യുതീകരണം, എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിൽ നടപ്പാതകൾ, പാലങ്ങൾ, റോഡ് എന്നിവ നിർമ്മിച്ച് വിനിമയ സൗകര്യം മെച്ചപ്പെടുത്തുക, സാങ്കേതികവിദ്യ കൈമാറ്റവും, വിവരങ്ങൾ നൽകുന്നതിനായി ബന്ധപ്പെട്ട പ്രോജക്ടുകളും വാർത്താ വിനിമയവും , വിദ്യാഭ്യാസവും, ആരോഗ്യ ശുചിത്വ അഭിവൃദ്ധി, സോഫ്റ്റ് സ്കില്ലുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന്റെ വികസനം, വിവിധ പ്രവർത്തികളിൽ തൊഴിലധിഷ്ഠിത പരിശീലനം. പട്ടികവർഗ്ഗ ഉപസമിതിയിലെ പ്രത്യേക കേന്ദ്രസഹായം ഉപയോഗിച്ചുള്ള പദ്ധതിയിലെ വിടവ് നികത്തൽ, അംഗീകൃത സർക്കാർ ഏജൻസികളെയും ഗവേഷണ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയ പരിപാടികളുടെ വിലയിരുത്തൽ തുടങ്ങിയ പ്രോജക്ടുകൾക്ക് തുക നൽകുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.<br><br>**<u>VIII തൊഴിൽ നൈപുണ്യ വികസനം</u>**<br><br>സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട |

| | | | |
|---|---|---|---|
| | | | യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന് പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1) എസ്.സി.എ ടു ടി.എസ്.എസ് എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത വിഭാഗം ആൾക്കാരുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുവെന്നറിയിക്കുമോ; | ബി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു<br>1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി<br>2. ജനനീ ജന്മരക്ഷ പദ്ധതി<br>3. അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം<br>4. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ<br>5. ഒ.പി.ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും<br>6. Auxilary Nurse & Mid-wifery Centre<br>7. ഭക്ഷ്യ സഹായ പദ്ധതി<br>8. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് ദുർബല ഗോത്രവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടിയുള്ള പദ്ധതി നടത്തിപ്പ് (പി.വി.ടി.ജി പദ്ധതി) |

| | | | |
|---|---|---|---|
| . | | | 9. പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി.<br>10. പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി<br>11. ഹാംലെറ്റ് വികസന പദ്ധതി<br>12. ഭവനരഹിതരായവർക്ക് ഭവന നിർമ്മാണ പദ്ധതി<br>13. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ<br>14. ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി<br>15. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി<br>16. സമ്പൂർണ്ണ കുടിവെള്ള പദ്ധതി<br>17. ജീവനോപാധി പ്രവർത്തനങ്ങൾ/ സ്വയം തൊഴിൽ പദ്ധതികൾ<br>18. അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസനപദ്ധതി<br>19. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗോത്രസാരഥി പദ്ധതി<br>20. വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്ന തിനായി സാമൂഹ്യ പഠന മുറി, ഗോത്രബന്ധു പദ്ധതികൾ<br>21. പട്ടികവർഗ്ഗപെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യ നിധി പദ്ധതി<br>22. തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം |

| | | | |
|---|---|---|---|
| | | | 23. പി.കെ കാളൻ കുടുംബ ക്ഷേമ പദ്ധതി |
| സി) | ഇവരുടെ പ്രാദേശികമായ വാസസ്ഥലം നശിപ്പിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | സി) | പട്ടിക വർഗ്ഗക്കാരുടെ വാസസ്ഥലം നശിപ്പിക്കുകയോ,അവരുടെ ഭൂമിയോ പരിസരപ്രദേശത്തെയോ അവരുടെ കൈവശത്തിൽ നിന്നും അന്യായമായി നീക്കം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയിൻമേലോ പരിസര പ്രദേശത്തിൻ മേലോ, അവരുടെ അവകാശങ്ങൾ അനുഭവിക്കുന്നതിൽ കൈകടത്തുകയോ ചെയ്താൽ പട്ടിക ജാതി പട്ടികവർഗ്ഗ(അതിക്രമം തടയൽ നിയമം 1989) നിയമപ്രകാരം കുറ്റക്കാർക്കെതിരെ കേസ്സെടുത്ത് നടപടി കൈക്കൊള്ളുന്നതിന് വ്യവസ്ഥയുണ്ട്. ഇത്തരത്തിലുള്ള കേസുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ടി നിയമപ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | വനത്തിൽ ജീവിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് അഗതി മന്ദിരങ്ങൾ നിർമ്മിച്ചുനൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | അഗതി മന്ദിരങ്ങൾ നിലവിൽ നിർമ്മിച്ചുനൽകുന്നില്ല. |

സെക്ഷൻ ഓഫീസർ